പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2723      09.03.2017-ൽ മറുപടിയ്ക്ക്

## പട്ടികജാതി / പട്ടികവർഗ്ഗ കോളനികളുടെ വികസനത്തിന് വേണ്ടിയുള്ള പദ്ധതികൾ

**ചോദ്യം**
ശ്രീ. ടി. വി. ഇബ്രാഹിം

**മറുപടി**
ശ്രീ. എ. കെ. ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ
പിന്നാക്കസമുദായക്ഷേമവും നിയമവും
സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ്
മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| എ) സംസ്ഥാനത്തെ പട്ടികജാതി / പട്ടികവർഗ്ഗ കോളനികളുടെ വികസനത്തിന് വേണ്ടി നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) സ്വയം പര്യാപ്ത ഗ്രാമം, ഗാന്ധി ഗ്രാമം എന്നീ പദ്ധതികൾ പ്രകാരമാണ് സംസ്ഥാനത്തെ പട്ടികജാതി കോളനികളുടെ വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നത്. നടപ്പ് സാമ്പത്തികവർഷം 216 കോളനികളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതാണ്.<br><br>പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനത്തിനായി പട്ടികവർഗ്ഗ മേഖലയിലെ ശുദ്ധജലം, റോഡ്, വൈദ്യുതി, പാർപ്പിടം മുതലായ അടിസ്ഥാന സൗകര്യ വികസനം, വിദ്യാഭ്യാസം, ജീവനോപാധി പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്കായി ഹാംലെറ്റ് വികസന പദ്ധതി നടപ്പിലാക്കി വരുന്നു. 2016-17 വർഷം 10 കോടി രൂപ വകയിരുത്തി 10 പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ഹാംലെറ്റ് വികസന പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രവർത്തനങ്ങൾ |

ആരംഭിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗക്കാരുടെ സാമൂഹിക സാമ്പത്തിക വികസനത്തിന് വേണ്ടി സാധാരണ പട്ടികവർഗ്ഗ വിഹിതത്തിന് പുറമെയുള്ള ഒരു പ്രത്യേക പാക്കേജാണ് അഡീഷണൽ ട്രൈബൽ സബ് പ്ലാൻ (എ.ടി.എസ്.പി). എ.ടി.എസ്.പി പദ്ധതിയിൽ മുൻ സർക്കാർകാലത്ത് ഏറ്റെടുത്തിട്ടുള്ളതും പൂർത്തീകരിക്കാത്തതുമായ സ്പിൽഓവർ വീടുകളുടെ പൂർത്തീകരണത്തിനായി 2016-17 വർഷത്തെ എ.ടി.എസ്.പി പദ്ധതിയിൽ നിന്നും 13678.19 ലക്ഷം രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു. ശേഷിക്കുന്ന തുകയായ 1321.81 ലക്ഷം രൂപ മലപ്പുറം ജില്ലയിലെ ചില പ്രവർത്തികളുടെ spill over പ്രവർത്തികൾ നടപ്പിലാക്കുന്നതിനായി അനുവദിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു.

കൊല്ലം ജില്ലയിലെ കരിയോട്ടുമല, പത്തനംതിട്ട ജില്ലയിലെ പാലക്കയം, വയനാട് ജില്ലയിലെ നെല്ലറച്ചാൽ, പരൂർക്കുന്ന്, കഞ്ഞോാം എന്നീ പട്ടികവർഗ്ഗ കോളനികളിൽ മോഡൽ കോളനി പദ്ധതി നടപ്പിലാക്കി വരുന്നു.

ഇവയ്ക്ക് പുറമെ കോർപ്പസ് ഫണ്ട്, ആർട്ടിക്കിൾ 275(1), എസ്.സി.എ ടു ടി.എസ്.പി, പൂൾഡ് ഫണ്ട് എന്നീ ഫണ്ട് ഉപയോഗിച്ചും വിവിധ വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

| | | | |
|---|---|---|---|
| ബി) | പ്രസ്തുത പദ്ധതികൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന, മലപ്പുറം ജില്ലയിലെ കോളനികളുടെ പട്ടിക നിയോജകമണ്ഡലം തിരിച്ച് നൽകാമോ; | ബി) | പട്ടികജാതി കോളനികളുടെ വിശദാംശം അനുബന്ധം I-ആയി ചേർക്കുന്നു.<br>പട്ടികവർഗ്ഗ കോളനികളുടെ വിശദാംശം അനുബന്ധം II-ആയി ചേർക്കുന്നു. |
| സി) | പട്ടികജാതി / പട്ടികവർഗ്ഗ വിദ്യാർത്ഥികൾ കൂടുതലായി പഠിക്കുന്ന വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യവികസനത്തിന് വേണ്ടി നിലവിൽ പദ്ധതികൾ ഉണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | സി) | പട്ടികജാതി വിദ്യാർത്ഥികൾ കൂടുതലായി പഠിക്കുന്ന വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യവികസനത്തിന് വേണ്ടി നിലവിൽ പദ്ധതികൾ ഇല്ല.<br>പട്ടികവർഗ്ഗ വിദ്യാർത്ഥികൾ കൂടുതലായി പഠിക്കുന്ന വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പട്ടികവർഗ്ഗ പ്രദേശങ്ങളിലെ സൗകര്യങ്ങളുടെ വികസനം എന്ന ശീർഷകത്തിൽ തുക വകയിരുത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുറഞ്ഞത് 20% വിദ്യാർത്ഥികളുള്ള സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. 2016-17 സാമ്പത്തികവർഷം 250 ലക്ഷം രൂപ ടി പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

പട്ടികജാതി വികസന വകുപ്പ്

| മലപ്പുറംജില്ലയിലെ സ്വയം പര്യാപ്തഗ്രാമംപദ്ധതിയിലെ കോളനികൾ | | | |
|---|---|---|---|
| ക്രമനം | നിയമസഭാമണ്ഡലം | കോളനിയുടെപേര് | ഏജൻസിയുടെപേര് |
| 1 | തവനൂർ | ഉദിനിക്കര കോളനി | FIT |
| 2 | മലപ്പുറം | ചോലയിൽ കോളനി | FIT |
| 3 | വണ്ടൂർ | ചാരത്ത്കുന്ന് കോളനി | FIT |
| 4 | പൊന്നാനി | കടവനാട് സൗത്ത് കോളനി | FIT |
| 5 | കൊണ്ടോട്ടി | മുച്ചിക്കുണ്ട് എസ്.സി കോളനി | FIT |
| 6 | പൊന്നാനി | കോലത്ര കോളനി | FIT |
| 7 | താനൂർ | ഒട്ടുപുറം കോളനി | FIT |
| 8 | പെരിന്തൽമണ്ണ | പാണമ്പി കുറെക്കാട്ട്കുന്ന് കോളനി | KAICO |
| 9 | മങ്കട | ഞാറയ്ക്കാട്, മങ്കട | KSHB |
| 10 | വേങ്ങര | വലിയപറമ്പ് കോളനി | SIDCO KKD |
| 11 | മഞ്ചേരി | ചോലക്കണ്ടി കോളനി | SIDCO KKD |
| 12 | നിലമ്പൂർ | ജവഹർ കോളനി | SIDCO KKD |
| 13 | പെരിന്തൽമണ്ണ | ചെമ്പ്രംപള്ളിയാലിൽ | SIDCO |
| 14 | കൊണ്ടോട്ടി | കല്ലറക്കുന്ന് ഐ.എച്ച്.ഡി.പി | SIDCO |
| 15 | മലപ്പുറം | അംബേദ്ക്കർ കോളനി | SIDCO |
| 16 | താനൂർ | നിറമരുതൂർ ഐ.എച്ച്.ഡി.പി കോളനി | SIDCO |
| 17 | വേങ്ങര | മുട്ടുംപുറം | SIDCO |
| 18 | താനൂർ | കോണ്ടേമ്പാട്ട് കോളനി | SIDCO |
| 19 | തവനൂർ | മുനമ്പം എസ്.സി കോളനി | DNK MPM |
| 20 | വണ്ടൂർ | അംബേദ്കർ കോളനി ഇളമ്പുഴ | DNK MPM |

| മലപ്പുറംജില്ലയിലെ ഗാന്ധിഗ്രാമം പദ്ധതിയിലെ കോളനികൾ | | | |
|---|---|---|---|
| ക്രമനം | നിയമസഭാമണ്ഡലം | കോളനിയുടെപേര് | ഏജൻസിയുടെപേര് |

സെക്ഷൻ ഓഫീസർ

അനുബന്ധം-II

പട്ടികവർഗ്ഗ വികസന വകുപ്പ്

## ഹാംലറ്റ് ഡവലപ്പ്മെന്റ് സ്കീം

| ക്രമ നം | കോളനി | പഞ്ചായത്ത് | നിയോജക മണ്ഡലം |
|---|---|---|---|
| 1 | പെരുവമ്പാടം | ചാലിയാർ | ഏറനാട് |
| 2 | പാടിക്കുന്ന് | നിലമ്പൂർ | നിലമ്പൂർ |
| 3 | മാടം | മമ്പാട് | വണ്ടൂർ |
| 4 | അപ്പൻകാപ്പ് | പോത്തുകൽ | നിലമ്പൂർ |

## അഡീഷണൽ ട്രൈബൽ സബ് പ്ലാൻ പാക്കേജ്

| ക്രമ നം | കോളനി | പഞ്ചായത്ത് | നിയോജക മണ്ഡലം |
|---|---|---|---|
| 1 | അമ്പുമല | ചാലിയാർ | ഏറനാട് |
| 2 | വെറ്റിലക്കൊല്ലി | ചാലിയാർ | ഏറനാട് |
| 3 | മലച്ചി | എടക്കര | നിലമ്പൂർ |
| 4 | ചാരത്തൻപുതുവായ് | ചുങ്കത്തറ | നിലമ്പൂർ |
| 5 | കുമ്പളപ്പാറ | പോത്തുകൽ | നിലമ്പൂർ |
| 6 | ഇരുട്ടുക്കുത്തി | പോത്തുകൽ | നിലമ്പൂർ |
| 7 | വാണിയംപുഴ | പോത്തുകൽ | നിലമ്പൂർ |
| 8 | തരിപ്പപ്പൊട്ടി | പോത്തുകൽ | നിലമ്പൂർ |
| 9 | നല്ലംതണ്ണി | നിലമ്പൂർ | നിലമ്പൂർ |
| 10 | മുക്കർശ്ശി | നിലമ്പൂർ | നിലമ്പൂർ |
| 11 | വരടേംപാടം | നിലമ്പൂർ | നിലമ്പൂർ |
| 12 | കല്ലേംപാടം | നിലമ്പൂർ | നിലമ്പൂർ |
| 13 | ഉസ്സുംമട | നിലമ്പൂർ | നിലമ്പൂർ |
| 14 | മുതീരി | നിലമ്പൂർ | നിലമ്പൂർ |
| 15 | പാദാപ്പൊലി | നിലമ്പൂർ | നിലമ്പൂർ |
| 16 | വല്ലപുഴ | നിലമ്പൂർ | നിലമ്പൂർ |

Haripriya

സെക്ഷൻ ഓഫീസർ